# പുതിയ നീര ഉത്പന്നങ്ങളുമായി എസ്‌സിഎംഎസ്

കൊച്ചി: കാലക്രമേണ നീര ഉത്പന്നങ്ങളുടെ നിർമാണവും വിപണന സാധ്യതകളും കേരളത്തിന്റെ കേരകർഷക മേഖലക്കു പുതിയ നേട്ടങ്ങൾ കൈവരുത്തുമെന്നു നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് പറഞ്ഞു. കളമശേരിയിലെ എസ്‌സിഎംഎസ് ബയോസയൻസ് ഗവേഷണ വിഭാഗം നാളികേര വികസന ബോർഡിന്റെ സഹകരണത്തോടെ നീരയിൽ നിന്നു വികസിപ്പിച്ചെടുത്ത മൂല്യവർധിത നീര ഉത്പന്നങ്ങളായ തേൻ, പഞ്ചസാര, ജ്യൂസ് എന്നിവയുടെ പ്രകാശന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.



കളമശേരി എസ്‌സിഎംഎസ് കാമ്പസിൽ നടന്ന ചടങ്ങിൽ നീര ഉത്പന്നങ്ങളായ തേൻ, പഞ്ചസാര, ജ്യൂസ് എന്നിവയുടെ പ്രകാശനം ഡോ. ജി.പി.സി. നായരും ടി.കെ. ജോസും ചേർന്നു നിർവഹിക്കുന്നു.

ശാസ്ത്രീയമായ നീര ഉത്പാദനം സാർവത്രികമാകുന്നതോടെ സംസ്ഥാനത്ത് ആയിരക്കണക്കിനു തൊഴിലവസരങ്ങളും സംജാതമാകും. പത്തു ശതമാനമെങ്കിലും തെങ്ങുകൾ നീര ഉത്പാദനത്തിനായി സർക്കാർ അനുവദിച്ചാൽ ഇതു സാധ്യമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

നീര ഉത്പന്നങ്ങളുടെ പ്രകാശനം കളമശേരി എസ്‌സിഎംഎസ് കാമ്പസിൽ നടന്ന ചടങ്ങിൽ ചെയർമാൻ ഡോ. ജി.പി.സി. നായരും ടി.കെ. ജോസും ചേർന്നു നിർവഹിച്ചു. സിഡിബിയുടെ മേൽനോട്ടത്തിൽ നീര ഉത്പാദകർക്കായി ജോയിന്റ് സർട്ടിഫിക്കേഷൻ പ്രോഗ്രാം ആരംഭിക്കുമെന്ന് എസ്‌സിഎംഎസ് വൈസ് ചെയർമാൻ ഡോ. പ്രദീപ് പി. തേവന്നൂർ അറിയിച്ചു. ഗവേഷണ വിഭാഗം മേധാവി ഡോ. സി. മോഹൻകുമാർ, സിഡിബി ഡയറക്ടർ ഡോ. കെ. മുരളീധരൻ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.